പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3959 21.06.2019-ൽ മറുപടിക്ക്

# സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ലഭിക്കുന്ന ആനുകൂല്യം

ചോദ്യം

ശ്രീ.രാജു എബ്രഹാം

മറുപടി

ശ്രീ.കടകംപള്ളി സുരേന്ദ്രൻ
(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുക്കുന്നവർക്ക് സഹകരണ റിസ്ക് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; എത്ര രൂപയാണ് പരമാവധി റിസ്ക് ഫണ്ടായി നൽകുന്നത്; | (എ) | 1969 ലെ കേരള സഹകരണനിയമം പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുകയും സ്വർണ്ണപ്പണയ വായ്പ, നിക്ഷേപ വായ്പ എന്നിവ ഒഴികെയുള്ള വായ്പകൾ അനുവദിക്കുമ്പോൾ തന്നെ റിസ്ക് ഫണ്ട് പദ്ധതിയിലേയ്ക്ക് വായ്പാക്കാരിൽ നിന്നും വായ്പാതുകയുടെ 0.35 ശതമാനം നിരക്കിൽ പ്രീമിയംതുക ഈടാക്കുകയും (മിനിമം 100 രൂപയും പരമാവധി 525 രൂപയും) ടി തുക തൊട്ടടുത്തമാസം 15-ാം തീയതിയ്ക്ക് മുമ്പ് തന്നെ ജില്ലാ സഹകരണ ബാങ്കിലുള്ള കേരള സഹകരണ വികസന ക്ഷേമനിധി ബോർഡിന്റെ അക്കൗണ്ടിൽ അടയ്ക്കുകയും ചെയ്തു വരുന്ന എല്ലാ സഹകരണ സ്ഥാപനങ്ങളും റിസ്ക് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുന്നു.<br><br>വായ്പ എടുക്കുന്ന അംഗം വായ്പാ കാലാവധിയിലോ കാലാവധി കഴിഞ്ഞ് 6 മാസത്തിനുള്ളിലോ മരണപ്പെടുകയാണെങ്കിൽ ടിയാളുടെ പേരിൽ അന്നേ ദിവസം ബാക്കി നിൽക്കുന്ന ഒന്നരലക്ഷം രൂപ വരെയുള്ള മുതലും അതിന്റെ പലിശയും റിസ്ക് ഫണ്ടിൽ നിന്നും നൽകും. ഒന്നിൽ കൂടുതൽ പേർ എടുത്ത കോ-ഒബ്ലിഗന്റ് ഉൾപ്പെട്ട കൂട്ടായ വായ്പ ആണെങ്കിൽ അതിൽ ഒരു വായ്പാക്കാരൻ മരണപ്പെട്ടാൽ പ്രസ്തുത വായ്പാക്കാരന്റെ മരണ ത്തീയതിയിൽ ബാക്കി നിൽക്കുന്ന തുകയിൽ ആനുപാതികമായ തുകയും |

| | | | |
|---|---|---|---|
| | | | അതിന്റെ പലിശയും ഫണ്ടിൽ നിന്നും നൽകും. വായ്പാക്കാലാവധിയിൽ വായ്പാക്കാരൻ മരണപ്പെട്ടാൽ മരണപ്പെട്ട തീയതിയ്ക്ക് തൊട്ട് മുമ്പ് 6 മാസത്തിൽ അധികരിച്ചും, വായ്പാക്കാലാവധി കഴിഞ്ഞ് വായ്പാക്കാരൻ മരണപ്പെട്ടാൽ കാലാവധി തീരുന്ന തീയതിയ്ക്ക് തൊട്ടുമുമ്പ് തുടർച്ചയായി 6 മാസത്തിൽ അധികരിച്ചും മുതൽ തിരിച്ചടവിൽ വീഴ്ച വരുത്തിയാൽ ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുകയില്ല.<br><br>വായ്പ എടുത്ത ശേഷം വായ്പക്കാരന് മാരകരോഗം പിടിപെടുകയും (ക്യാൻസർ ബാധിതർ, ഡയാലിസിസിന് വിധേയരായവർ, ഹൃദയ സംബന്ധമായി ശസ്ത്രക്രിയയ്ക്ക് വിധേയരായവർ, പക്ഷാഘാതം മൂലമോ അപകടം മൂലമോ ശരീരം തളർന്ന് കിടപ്പിലായവർ, എയിഡ്സ് രോഗം ബാധിച്ചവർ, ലിവർ സീറോസിസ് ബാധിച്ചവർ, ടി.ബി. ബാധിച്ചവർ) വായ്പാ ബാധ്യതകൾ തീർക്കാൻ കഴിയാതെ വരികയും ചെയ്യുന്ന കേസുകളിൽ മാത്രം വായ്പാ മുതലിനത്തിൽ പരമാവധി 75,000/- രൂപ ആനുകൂല്യം ലഭിക്കുന്ന പദ്ധതിയും ഇതിൽപ്പെടുന്നു. മുകളിൽ പറഞ്ഞിട്ടുള്ള ആനുകൂല്യം ലഭിക്കുന്നതിന് മരണപ്പെട്ട/മാരകരോഗം പിടിപെട്ട തീയതിയിൽ വായ്പാക്കാരന് 70 വയസ്സ് അധികരിക്കാൻ പാടില്ലാത്തതുമാണ്. 30/03/2012 തീയതി മുതൽ ധനസഹായത്തിന്റെ പരമാവധി സംഖ്യ 1,00,000/- രൂപയിൽ നിന്നും 1,50,000/- രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര പേർക്ക് ഇതിന്റെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്; ഇനിയും തീർപ്പാക്കാതെ ബാക്കിനിൽക്കുന്ന എത്ര അപേക്ഷകൾ ഉണ്ട്; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 22,626 വായ്പകളിലായി 182.33 കോടി രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.<br><br>തീർപ്പാക്കാതെ ബാക്കി നിൽപ്പുള്ള 14,138 |

| | | | |
|---|---|---|---|
| | | | അപേക്ഷകളിൽ 2,553 അപേക്ഷകളിൽ നടപടികൾ അന്തിമ ഘട്ടത്തിലാണ്. 4,087 അപേക്ഷകൾ ന്യൂനതകൾ ഉള്ളതും ന്യൂനത പരിഹരിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുമുണ്ട്. 7,498 ഫയലുകളിൽ ഇനി നടപടികൾ സ്വീകരിക്കുവാൻ ബാക്കി നിൽപ്പുണ്ട്. |
| (സി) | അപേക്ഷകൾ തീർപ്പാക്കാൻ താമസം വന്നതിന്റെ കാരണം വ്യക്തമാക്കാമോ; | (സി) | സർവ്വീസ് സഹകരണ ബാങ്ക്/സംഘങ്ങൾ റിസ്ക് ഫണ്ട് നിയമാവലി പ്രകാരം ആനുകൂല്യത്തിന് അർഹതയുള്ളതും, അർഹതയില്ലാത്തതും, ന്യൂനത ഉള്ളതുമായ ധാരാളം ഫയലുകൾ റിസ്ക് ഫണ്ട് ആനുകൂല്യത്തിനായി അയക്കുന്നുണ്ട്. അർഹതയില്ലാത്തതും ന്യൂനതകൾ ഉള്ളതുമായ ഫയലുകൾ പരിശോധിച്ച് ബന്ധപ്പെട്ട സംഘങ്ങളെ രേഖാമൂലം അറിയിക്കുന്നതിനും ന്യൂനത പരിഹരിച്ച് വാങ്ങുന്നതിനും സമയമെടുക്കുന്നതു കൊണ്ടാണ് കാലതാമസം ഉണ്ടാകുന്നത്. എന്നാൽ അർഹതയുള്ളവരുടെ ഫയലുകൾ അടിയന്തിര പ്രാധാന്യത്തോടെ തീർപ്പുകൽപ്പിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്. |
| (ഡി) | റിസ്ക് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി എന്തൊക്കെ നടപടി ക്രമങ്ങളാണ് ചെയ്യേണ്ടത്; | (ഡി) | റിസ്ക് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനായി ചുവടെ പറയുന്ന രേഖകൾ സഹിതം മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘം അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)ടെ ശുപാർശയോടുകൂടി കേരള സഹകരണ വികസനക്ഷേമനിധി ബോർഡിൽ സമർപ്പിക്കേണ്ടതാണ്.<br>1. കേരള സഹകരണ വികസന ക്ഷേമനിധി ബോർഡ് അംഗീകരിച്ചു നൽകിയ നിർദ്ദിഷ്ട മാതൃകയിലുള്ള റിസ്ക് ഫണ്ട്/ചികിത്സാ ധനസഹായ അപേക്ഷ. |

| | | | |
|---|---|---|---|
| | | | 2. മരണപ്പെട്ട വായ്പക്കാരന്റെ അനന്തരാവകാശിയുടെ അപേക്ഷ.<br>3. വായ്പക്കാരന്റെ മരണ സർട്ടിഫിക്കറ്റ്<br>4. വായ്പക്കാരന്റെ വയസ്സ് തെളിയിക്കുന്ന രേഖ.<br>5. വായ്പക്കാരന്റെ വായ്പ ഏറടവ്<br>6. മരണപ്പെട്ട/മാരകരോഗം പിടിപ്പെട്ട വായ്പക്കാരന് പദ്ധതി ആനുകൂല്യത്തിന് അർഹത ഉണ്ടെന്ന് കാണിക്കുന്ന സംഘം ചീഫ് എക്സിക്യൂട്ടീവിന്റെ സർട്ടിഫിക്കറ്റ്.<br>7. ബാങ്ക് ഭരണസമിതി തീരുമാനം.<br>8. വായ്പക്കാരന്റെ റിസ്ക് ഫണ്ട് വിഹിതം അടച്ച ഫോം എ സ്റ്റേറ്റ്മെന്റ്.<br>9. വായ്പക്കാരനിൽ നിന്ന് ഈടാക്കുന്ന റിസ്ക് ഫണ്ട് വിഹിതം യഥാസമയം ബോർഡിന്റെ അക്കൗണ്ടിൽ അടച്ച ചെലാൻ<br>10. വായ്പ അപേക്ഷ<br>11. വായ്പ അനുവദിച്ച ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്.<br>12. ജാമ്യകടപത്രത്തിന്റെ പകർപ്പ്.<br>13. കൂട്ടുകക്ഷി വായ്പ സംബന്ധിച്ച്.<br>14. ചികിത്സാ ധനസഹായ അപേക്ഷയിൽ ബന്ധപ്പെട്ട അസിസ്റ്റന്റ് സിവിൽ സർജനിൽ കുറയാത്ത ഡോക്ടറുടെ സർട്ടിഫിക്കറ്റും അനുബന്ധ മെഡിക്കൽ രേഖകളും. |
| (ഇ) | റിസ്ക് ഫണ്ടിൽ നിന്നും ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം മൂലം പലിശയിനത്തിൽ ഉണ്ടാകുന്ന വർധനവ് ഈടാക്കാതിരിക്കാൻ പ്രത്യേക ഉത്തരവ് നൽകുമോ; | (ഇ) | നിലവിൽ പരിഗണനയിലില്ല. |

| | | | |
|---|---|---|---|
| (എഫ്) | റിസ്ക് ഫണ്ട് സമയബന്ധിതമായി വിതരണം ചെയ്യുന്നതിനും കാലതാമസം വരുത്തുന്ന ഉദ്യോഗസ്ഥരുടെ മേൽ നടപടി എടുക്കുന്നതിനും സർക്കാർ തയ്യാറാകുമോയെന്ന് അറിയിക്കുമോ? | (എഫ്) | റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള അപേക്ഷകളിലെ ന്യൂനതയില്ലാത്ത അപേക്ഷകളിൽ അർഹതക്കനുസൃതമായ ആനുകൂല്യം കാലതാമസം കൂടാതെ ലഭ്യമാക്കി വരുന്നുണ്ട്. |

**സെക്ഷൻ ഓഫീസർ**